# കൂത്താട്ടുകുളം നഗരസഭ

ആർ2-403/22 തിയതി : 9-3-2022

## ഓഫർ നോട്ടീസ്

കൂത്താട്ടുകുളം നഗരസഭ വക പ്രൈവറ്റ് ബസ് സ്റ്റാന്റ് 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ഫീസ് പിരിവ് കുത്തകാവകാശം ഓഫർ മുഖേന അനുവദിച്ചു നൽകുന്നു. ഓഫർ നൽകുവാനാഗ്രഹിക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം തങ്ങളുടെ ഓഫർ ലെറ്റർ മുദ്രവച്ച കവറിനുള്ളിൽ അടക്കം ചെയ്ത് നഗരസഭ സെക്രട്ടറിക്ക് 2022 മാർച്ച് 16-ാം തിയതി രാവിലെ 11 ന് മുമ്പായി ലഭിക്കത്തക്കവിധം നഗരസഭ ഓഫീസിൽ നേരിട്ടോ, രജിസ്റ്റേഡ് തപാൽ മുഖേനയോ നൽകാവുന്നതാണ്. കവറിന് പുറത്ത് **“2022-23 വർഷത്തേക്കുള്ള ബസ് സ്റ്റാന്റ് ഫീസ് പിരിവ് കുത്തകാവകാശം ഓഫർ”** എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ലഭിച്ചിട്ടുള്ള ഓഫറുകൾ അന്നേ ദിവസം 12 മണിക്ക് ഹാജരായിട്ടുള്ള ആളുകളുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ഓഫർ പ്രകാരം ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ പേരിൽ ഓഫർ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ഓഫർ കൗൺസിൽ അംഗീകരിച്ച് സ്ഥിരപ്പെടുത്തി ഉത്തരവ് നൽകി കഴിഞ്ഞാലുടൻ നികുതികൾ ഉൾപ്പെടെയുള്ള തുക നഗരസഭ ഓഫീസിൽ ഒടുക്കേണ്ടതാണ്.

ഓഫർ അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം നഗരസഭ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

OFFICE OF THE KOOTHATTUKULAM MUNICIPALITY
KOOTHATTUKULAM
ERNAKULAM DT.
686662

സെക്രട്ടറി
കൂത്താട്ടുകുളം നഗരസഭ

പകർപ്പ് : നോട്ടീസ് ബോർഡ്